# نصيحة الجمعة


## تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند

(Dakshina Kerala Jam-iyyathul Ulama, Kollam, Kerala)

للأستاذ المولوي سي. اي .موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨

الإتصال: شمير الباقوي، ٩٤٩٥١٩٠٨٩٥


**തീയതി:** 17/11/2017  **വിഷയം:** "മദ്ഹിന്റെ പൂക്കാലം"

إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ ۚ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا ﴿الاحزاب:٥٦﴾

- അനുഗ്രഹങ്ങളെ കുറിച്ച് നന്ദിയോടെ സ്മരിക്കലും നന്ദി പ്രകടിപ്പിക്കലും മനുഷ്യധർമ്മമാണ്. മൃഗങ്ങളിൽ പോലും ഈ വാസന കാണാം. ഭക്ഷണം നൽകുന്നവരെ കണ്ടാൽ അവ ഓടി വരികയും സ്നേഹം പ്രകടിപ്പിക്കുകയും ചെയ്യും. അപ്പോൾ മനുഷ്യൻ നന്ദിയുള്ളവനായേ പറ്റൂ.
- നമുക്ക് ലഭിച്ച ഏറ്റവും വലിയ അനുഗ്രഹം തിരുനബി (സ)യുടെ ഉമ്മത്തിയായ വിശ്വാസി ആകാൻ കഴിഞ്ഞു എന്നതാണ്.

لَقَدْ مَنَّ اللَّهُ عَلَى الْمُؤْمِنِينَ إِذْ بَعَثَ فِيهِمْ رَسُولًا مِّنْ أَنفُسِهِمْ يَتْلُو عَلَيْهِمْ آيَاتِهِ وَيُزَكِّيهِمْ وَيُعَلِّمُهُمُ الْكِتَابَ وَالْحِكْمَةَ وَإِن كَانُوا مِن قَبْلُ لَفِي ضَلَالٍ مُّبِينٍ ﴿آل عمران:١٦٤﴾

رَسُولًا എന്നാൽ മഹാപ്രവാചകർ എന്നാണ്.

عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ (ص) أَنَا سَيِّدُ وَلَدِ آدَمَ يَوْمَ الْقِيَامَةِ وَأَوَّلُ مَنْ يَنْشَقُّ عَنْهُ الْقَبْرُ وَأَوَّلُ شَافِعٍ وَأَوَّلُ مُشَفَّعٍ (مسلم)

السيِّدُ: هُوَ الَّذِي يُفْزَعُ إِلَيْهِ فِي النَّوَائِبِ وَالشَّدَائِدِ،فَيَقُومُ بِأَمْرِهِمْ، وَيَتَحَمَّلُ عَنْهُمْ مَكَارِهَهُمْ،وَيَدْفَعُهَا عَنْهُمْ (شرح مسلم)

(=വിഷമ, പ്രതിസന്ധി ഘട്ടങ്ങളിൽ അഭയം തേടി എത്തുന്നവരു ടെ പ്രയാസങ്ങൾ ഏറ്റെടുക്കുയും അവ പരിഹരിക്കുകയും ചെയ് തു കൊണ്ട് അവക്കായി നിലകൊള്ളുന്നവർ.)

ഒപ്പം പരലോകത്ത് നമുക്കുവേണ്ടി സംസാരിക്കുന്ന ഏക ശുപാർശകരും നബി(സ്വ) തങ്ങളാണ്. (വിവരിക്കുക)

➢ അത്തരം ഒരു പ്രവാചകരുടെ ജന്മം കൊണ്ട് അനുഗ്രഹീതമായ മാസം വരുമ്പോൾ തിരുനബി(സ്വ)യെ സ്മരിക്കലും പ്രകീർത്തിക്കലും നന്ദിയുടെ ഭാഗമാണ്.

നബിസ്മരണയും ചിന്തയും എപ്പോഴും ആവശ്യമാണ്. അതിന് സ്ഥലകാലഭേദമില്ല. സ്വഹാബാക്കൾ അങ്ങനെയായിരുന്നു. യുദ്ധരംഗ ത്തുപോലും ആ പേര് അവർ ഉരുവിടുമായിരുന്നു. യമാമ യുദ്ധത്തിൽ പതാകയേന്തിക്കൊ ് ഖാലിദ് (റ) പറഞ്ഞതിങ്ങനെ.

وَحَمَلَ خَالِدُ بْنُ الْوَلِيدِ....ثُمَّ نَادَى بِشِعَارِ الْمُسْلِمِينَ، وَكَانَ شِعَارُهُمْ

يَوْمَئِذٍ : يَا مُحَمَّدَاهْ (البداية والنهاية)

ഹുസൈൻ(റ)കർബലയിൽ ശഹീദായപ്പോൾ സഹോദരി സൈനബ്(റ) വിലപിച്ചത് ഇങ്ങനെ.

يا محمداه، يا محمداه، صَلَّى عَلَيْكَ مَلَائِكَةُ السَّماءِ ، هَذا حُسَينُ

بِالعَرَاءِ (البداية والنهاية)

(=തിരുദൂതരെ! അങ്ങയുടെ മേൽ വാനലോകത്തെ മലക്കുകൾ സ്വലാത്ത് ചൊല്ലട്ടെ. ഇതാ ഹുസൈൻ മരുഭൂമിയിൽ കിടക്കുന്നു.)

നാം ഇന്ന് ആ നബിയെ റബീഉൽ അവ്വലിൽ സ്മരിക്കുന്നുവെ ങ്കിൽ അത്രയെങ്കിലും ഉ ാവട്ടെ. അത് നന്ന്.

➢ തിരുനബി സ്മരണ പല കാരണങ്ങളാലും പ്രോത്സാഹനാജനകമാ ണ്. ഒന്നാമതായി അത് സ്നേഹത്തിന്റെ ഭാഗമാണ്.

عن عائشة مرفوعا :مَنْ أَحبَّ شَيْئًا أَكْثَرَ ذِكْرَهُ (ديلمي)

وَمِنْ عَلَامَاتِ مَحبَّةِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ كَثْرَةُ ذِكْرِهِ لَهُ، فَمَنْ

أَحبَّ شَيْئًا أَكْثَرَ ذِكْرَهُ (الشفا)

ആകയാൽ തങ്ങളെ സ്മരിക്കലും പറയലും മഹബ്ബത്തിനെ വർദ്ധിപ്പി ക്കും. നബി(സ്വ) യെ സ്നേഹിക്കൽ നിർബന്ധമാണ്

രണ്ട്: അത് പ്രതിഫലാർഹമായ സൽക്കർമ്മമാണ്. ചരിത്രം: അബ്ബാസ് (റ) നബി (സ്വ)യെ പ്രകീർത്തിച്ച് പറയാൻ അനുവാദം തേടി. അനുമതി നൽകിയ നബി(സ്വ) അതിനാൽ ലഭിക്കുന്ന ഗുണം കൂടി പറ ഞ്ഞുകൊടുത്തു.

عَنْ عَبَّاسِ بْنَ عَبْدِ الْمُطَّلِبِ يَقُولُ : يَا رَسُولَ اللَّهِ (ص) ! إِنِّي أُرِيدُ أَنْ أَمْتَدِحَكَ، فَقَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: " قُلْ، لا يَفْضُضِ اللَّهُ فَاكَ " (المستدرك)

(=നിങ്ങൾ മദ്ഹ് പറയുക. അല്ലാഹു വായിന് വിഷമം വരത്തുക യില്ല.) തുടർന്ന് അബ്ബാസ്(റ) മദ്ഹ് പാടി.

فَقَالَ الْعَبَّاسُ :

مِنْ قَبْلِهَا طِبْتَ فِي الظِّلالِ وَفِي — مُسْتَوْدَعٍ حَيْثُ يُخْصَفُ الْوَرَقُ
ثُمَّ هَبطتَ الْبِلادَ لا بَشَرٌ أَنْتَ — وَلا مُضْغَةٌ وَلا عَلَقُ
بَلْ نُطْفَةٌ تَرْكَبُ السَّفِينَ وَقَدْ — أَلْجَمَ نَسْرًا وَأَهْلَهُ الْغَرَقُ
تُنْقَلُ مِنْ صَالِبٍ إِلَى رَحِمٍ — إِذَا مَضَى عَالَمٌ بَدَا طَبَق

(حاكم، طبراني، بيهقي)

1. അങ്ങ് പണ്ട് തണൽ വിരിച്ച, ഇലകൾ ഇടതൂർന്ന സ്വർഗ്ഗത്തിലായിരുന്നു. പിന്നെ ആദം നബിയിലും.
2. പിന്നീട് അങ്ങ് ഭൂമിയിൽ എത്തി. മനുഷ്യനോ രക്ത, മാംസ പിണ്ഡമോ അല്ലാതെ
3. നട്ടെല്ലിൽ നിന്ന് ഗർഭത്തിലേക്ക്. ഓരോ തലമുറയിലൂടെ.

ഇതേ ആശയം മൗലിദിലൂടെ ഇന്നും നാം അനുസ്മരിച്ചുകൊണ്ടിരിക്കുന്നു.

فَلَمَّا خَلَقَ اللهُ تعالي آدمَ اَلْقي ذَلِكَ النُّورَ فِي طِينَتِهِ فَأَهْبَطَنِي اللهُ فِي صُلْبِ آدَمَ ....

➢ മദ്ഹ് പറയൽ അല്ലാഹു നിർവ്വഹിക്കുന്നുണ്ട്. വിശ്വാസികൾ അത് നിർവ്വഹിക്കണമെന്ന് അവൻ ആഗ്രഹിക്കുകയും ചെയ്യുന്നുണ്ട്.

إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ ۚ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا ﴿الاحزاب:٥٦﴾

ഇവിടെ يُصَلُّونَ യുടെ പ്രമുഖമായ ഒരു തഫ്സീർ പ്രശംസ എന്നാണ്.

قَالَ الْبُخَارِيُّ: صَلَاةُ اللَّهِ: ثَنَاؤُهُ عَلَيْهِ عِنْدَ الْمَلَائِكَةِ وَالْمَقْصُودُ مِنْ هَذِهِ الْآيَةِ:....بِأَنَّهُ يُثْنِي عَلَيْهِ عِنْدَ الْمَلَائِكَةِ الْمُقَرَّبِينَ،... ثُمَّ أَمَرَ تَعَالَى أَهْلَ الْعَالَمِ السُّفْلِيِّ بِالصَّلَاةِ وَالتَّسْلِيمِ عَلَيْهِ،لِيَجْتَمِعَ الثَّنَاءُ عَلَيْهِ مِنْ أَهْلِ الْعَالَمِينَ الْعُلْوِيِّ وَالسُّفْلِيِّ جَمِيعًا (ابن كثير)

(= അല്ലാഹു സ്വലാത്ത് ചെയ്യുന്നു എന്നാൽ മലക്കുകളോട് പ്രശംസിക്കുന്നുവെന്നാണർത്ഥം. ആയത്തിന്റെ ഉദ്ദേശ്യം വാനലോകത്തും ഭൂമിയിലും പ്രശംസിക്കപ്പെടണമെന്നാണ്.)

➢ മരണപ്പെട്ടവരുടെ മഹത്വവും നന്മയും പറയൽ നബി (സ്വ) പ്രോത്സാഹിപ്പിച്ചതാണ്.

عن ابن عمر مرفوعا اذْكُرُوا مَحَاسِنَ مَوْتَاكُمْ ، وَكُفُّوا عَنْ مَسَاوِيهِمْ

(أبوداود، ترمذي)

ഖദീജ(റ)യുടെ മദ്ഹ് നബി(സ്വ) പറയുമായിരുന്നു.

كَانَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يُكْثِرُ ذِكْرَهَا (بخاري)

قال القرطبي: مُرادُهُ بِالذِّكْرِ لَهَا: مَدْحُهَا وَثَنَائُهَا (فتح الباري)

ചുരുക്കത്തിൽ അനുസ്മരണ, പ്രകീർത്തനങ്ങൾ പ്രതിഫലാർഹമായ സൽക്കർമ്മമാണ്. ആകയാൽ മൗലിദിന്റെ സദസ്സുകൾ സജീവമാക്കുക. പുണ്യം നേടുക.

മൂന്ന്: ഇത്തരം പരിപാടികൾ വലിയൊരു ദഅ്വത്താണ്. കുട്ടികൾക്കും പുതുതലമുറക്കും കൂടുതൽ ഓർക്കാനും പഠിക്കാനുമാകും. ഇത് ഇല്ലാതെ ആയാൽ അത്രകൂടി മറന്നു പോകും.

കൂടാതെ തിരുജന്മവും സന്ദേശങ്ങളും ഇതര ജനവിഭാഗത്തിന് കൂടി അറിയാനും പരിചയപ്പെടാനും അവസരമൊരുക്കും. ഈ സന്ദർഭങ്ങൾ ഇതരജനങ്ങൾക്ക് നബി(സ്വ)യുടെ സന്ദേശങ്ങൾ പരിചയപ്പെടാൻ ഉതകുന്ന പ്രോഗ്രാമുകൾ നടക്കണം.

ചുരുക്കത്തിൽ റബീഉൽ അവ്വൽ സ്മരണയുടെ, മദ്ഹിന്റെ മാസമാകണം. ഇരുലോക നന്മകൾ നേടണം.